**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1490** **07-06-2018 ൽ മറുപടിക്ക്**

**വാമനപുരം നിയോജകമണ്ഡലത്തിൽ പട്ടയം ലഭിക്കാനുള്ള അപേക്ഷകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡി.കെ.മുരളി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വാമനപുരം നിയോജക മണ്ഡലത്തിന്റെ പരിധിയിലുള്ള പുറമ്പോക്ക് ഭൂമിയിൽ താമസിച്ചിരുന്നവർ പട്ടയം ലഭിക്കാനായി സമർപ്പിച്ച എത്ര അപേക്ഷകൾ നിലവിൽ പരിഗണനയിലുണ്ടെന്ന് അറിയിക്കാമോ; | (എ) 3 അപേക്ഷകൾ |
| (ബി) പ്രസ്തുത അപേക്ഷകളുടെ നിലവിലെ സ്ഥിതി എന്താണ്; | (ബി) 1964-ലെ കേരള ഭൂമിപതിവ് ചട്ടം 24 പ്രകാരം പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| (സി) അപേക്ഷകരുടെ വിശദവിവരങ്ങൾ നൽകാമോ? | (സി) 1)ശ്രീമതി.വാസന്തി, ചിലവിളക്കോണത്ത് പുത്തൻവീട്, കണിച്ചോട്, കളച്ചൽ.പി.ഒ<br>2)ശ്രീമതി. ഗീത, ചരുവിള പുത്തൻവീട്, അടപ്പുപാല, വാമനപുരം<br>3)ശ്രീ. രാജേന്ദ്രൻ നാടാർ, ജെസ്സി ഭവൻ, കണിച്ചോട്, കളമച്ചൽ പി.ഒ, വാമനപുരം.<br>മേൽ വിവരിച്ചിട്ടുള്ള മൂന്ന് അപേക്ഷകരിൽ ഒരാളായ ശ്രീ. രാജേന്ദ്രൻ നാടാരുടെ അപേക്ഷയിന്മേൽ നെടുമങ്ങാട് തഹസിൽദാർ ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചതിൽ ടിയാന്റെ പേരിൽ പതിവ് ഭൂമികൾ ഉണ്ടെന്നും മകന് ആയത് കൈമാറ്റം ചെയ്തതായും കുറച്ച് ഭൂമി വിറ്റിട്ടുള്ളതായും വ്യക്തമായ സാഹചര്യത്തിൽ നിലവിലെ ഭൂമിപതിവ് നിയമപ്രകാരം ഭൂമി പതിച്ചു നൽകുവാൻ നിർവ്വാഹമില്ലെന്നുള്ള വിവരം അപേക്ഷകനെ അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ പുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്നതിനുള്ള രണ്ട് അപേക്ഷകൾ മാത്രമാണ് നിലവിൽ പരിഗണനയിൽ ഉള്ളത്. |

**സെക്ഷൻ ഓഫീസർ**